REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 11-02-2026 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- രാഹുൽ ഗാന്ധി ദേശീയ സുരക്ഷാ വിഷയങ്ങൾ പാർലമെന്റിൽ രാഷ്ട്രീയ ഉപകരണമായി ഉപയോഗിക്കുകയാണെന്ന് പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജു.
- ഗവണ്മെന്റോ കോടതിയോ ആവശ്യപ്പെട്ടാൽ നിർമിത ബുദ്ധി - ഡീപ്ഫേക്ക് ഉള്ളടക്കങ്ങൾ മൂന്ന് മണിക്കൂറിനകം നീക്കണമെന്ന് സാമൂഹ്യ മാധ്യമങ്ങൾക്ക് കേന്ദ്രനിർദേശം.
- പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിച്ച 800 കോടി രൂപയുടെ
- റോഡുകളും പാലങ്ങളും മുഖ്യമന്ത്രി പിണറായി വിജയൻ
- വൈകിട്ട് നാടിന് സമർപ്പിക്കും.
- ശബരിമല സ്വർണക്കൊള്ള കേസിൽ ദേവസ്വം മുൻ പ്രസിഡന്റും കമ്മീഷണറുമായ N വാസുവിന് ഉപാധികളോടെ ജാമ്യം
- ട്വന്റി-20 പുരുഷ ലോകകപ്പ് ക്രിക്കറ്റിൽ അഫ്ഗാനിസ്ഥാനെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് 4 വിക്കറ്റ് നഷ്ടമായി.

## വാർത്തകൾ വിശദമായി

ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ദേശീയ സുരക്ഷാ വിഷയങ്ങൾ പാർലമെന്റിൽ രാഷ്ട്രീയ ഉപകരണമായി ഉപയോഗിക്കുകയാണെന്ന് പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജു ആരോപിച്ചു. രാജ്യത്തിന് വളരെ പ്രധാനപ്പെട്ട വിഷയമാണ്

ദേശീയസുരക്ഷയെന്നും, രാഷ്ട്രീയ നേട്ടത്തിനായി ഇത്തരം വിഷയങ്ങൾ ഉന്നയിക്കുന്നതിൽ നിന്നും രാഹുൽഗാന്ധി വിട്ടുനിൽക്കണമെന്നും കിരൺ റിജിജു ആവശ്യപ്പെട്ടു.

ലോക്സഭാ സ്പീക്കറെ നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട് നൽകിയ നോട്ടീസിലൂടെ കോൺഗ്രസ് MP മാർ സ്പീക്കറുടെ ഓഫീസിന്റെ അന്തസ്സ് താഴ്ത്തിയെന്നും അദ്ദേഹം പാർലമെന്റ് പരിസരത്ത് മാധ്യമങ്ങളോട് പറഞ്ഞു. സഭയുടെ നിയമങ്ങളും, ചട്ടങ്ങളും പാലിക്കാതിരിക്കുന്നത് അപകടകരമാണെന്നും, പ്രതിപക്ഷ നേതാവ് എന്ന നിലയിൽ സഭയുടെ മാന്യത നിലനിർത്താൻ രാഹുൽഗാന്ധിയ്ക്ക് ബാധ്യതയുണ്ടെന്നും പാർലമെന്ററി കാര്യമന്ത്രി പറഞ്ഞു.

✪✪✪

രാജ്യത്തെ ആഭ്യന്തര സൗരോർജ്ജ ഉത്പാദന ശേഷി 144 ജിഗാവാട്ടിലെത്തിയതായി കേന്ദ്രമന്ത്രി പ്രൽഹാദ് ജോഷി പറഞ്ഞു. നേരത്തെ സൗരോർജ്ജ ഉത്പാദനം ആറു മുതൽ ഏഴ് വരെ ജിഗാവാട്ടു മാത്രമായിരുന്നുവെന്നും നിലവിൽ വർദ്ധിതശേഷിയോടെ രാജ്യം സൗരോർജ്ജം കയറ്റുമതി ചെയ്യാൻ കഴിയുന്ന അവസ്ഥയിലാണെന്നും പ്രൽഹാദ് ജോഷി ലോക്സഭയിൽ പറഞ്ഞു.

✪✪✪

ഗവണ്മെന്റ് നിർദേശിക്കുകയോ കോടതി ഉത്തരവിടുകയോ ചെയ്താൽ, നിർമിത ബുദ്ധി - ഡീപ്ഫേക്ക് ഉള്ളടക്കങ്ങൾ മൂന്ന് മണിക്കൂറിനകം നീക്കണമെന്ന് സമൂഹ മാധ്യമങ്ങൾക്ക് കേന്ദ്ര ഗവണ്മെന്റ് നിർദേശം നൽകി. AI ഉള്ളടക്കങ്ങളുടെ ദുരുപയോഗം തടയാൻ ലക്ഷ്യമിട്ട് 2021 ലെ IT നിയമത്തിൽ ഗവണ്മെന്റ് ഭേദഗതി വരുത്തി. ഉള്ളടക്കങ്ങളിൽ ചേർത്ത AI ലേബലുകളോ മെറ്റാഡാറ്റയോ നീക്കം ചെയ്യാനോ മറച്ചുവെക്കാനോ സാമൂഹിക മാധ്യമ പ്ലാറ്റ്ഫോമുകൾ അനുവദിക്കരുതെന്നും ഉത്തരവിൽ പറയുന്നു. പുതിയ നിയമം ഈ മാസം 20 മുതൽ പ്രാബല്യത്തിൽ വരും.

✪✪✪

പണ്ഡിറ്റ് ദീൻ ദയാൽ ഉപാധ്യായയുടെ ചരമ വാർഷിക ദിനത്തിൽ ഉപരാഷ്ട്രപതി CP രാധാകൃഷ്ണനും, പ്രധാനമന്ത്രി നരേന്ദ്രമോദിയും, ആഭ്യന്തര മന്ത്രി അമിത്ഷായും അദ്ദേഹത്തിന് ശ്രദ്ധാഞ്ജലിയർപ്പിച്ചു. സമൂഹ സേവനത്തിനായി ജീവിതം സമർപ്പിച്ച ദീർഘവീക്ഷണമുള്ള ചിന്തകനും, രാഷ്ട്രനിർമ്മാതാവുമായിരുന്നു പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായയെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

ദീൻദയാൽ ഉപാധ്യായയുടെ ചിന്തകളും തത്വങ്ങളും രാജ്യത്തെ ഓരോ തലമുറയ്ക്കും വഴികാട്ടിയായി തുടരുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

തലമുറകൾക്ക് രാഷ്ട്രനിർമ്മാണ പ്രചോദനത്തിന്റെ ശാശ്വത സ്രോതസ്സായി പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായ തുടരുമെന്ന് കേന്ദ്രമന്ത്രി അമിത്ഷാ സന്ദേശത്തിൽ പറഞ്ഞു.

✪✪✪

കേരളം അടക്കം 17 സംസ്ഥാനങ്ങൾക്ക് പ്രത്യേക NIA കോടതികൾ സ്ഥാപിക്കുന്നതിനെ കുറിച്ച് റിപ്പോർട്ട് നൽകാൻ സുപ്രീം കോടതി നോട്ടീസ് അയച്ചു. ഈ സംസ്ഥാനങ്ങളുടെ ചീഫ് സെക്രട്ടറിമാർ മൂന്നാഴ്ചയ്ക്കകം പ്രത്യേക കോടതികൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ വ്യക്തമാക്കണമെന്ന് നോട്ടീസ് ആവശ്യപ്പെടുന്നു.

✪✪✪

പൊതുമരാമത്ത് വകുപ്പ് സംസ്ഥാനത്ത് പൂർത്തീകരിച്ച 800 കോടി രൂപയുടെ 30 റോഡുകളും ആറ് പാലങ്ങളും മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് നാടിന് സമർപ്പിക്കും. തിരുവനന്തപുരം അമ്പൂരി കുമ്പിച്ചൽ കടവ് പാലം ഉദ്ഘാടന ചടങ്ങിലാണ് മറ്റ് റോഡുകളും പാലങ്ങളും ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുന്നത്.

മുണ്ടൂരിൽ നിന്നും പാലക്കാട് ജില്ലയുടെ അതിർത്തിയായ തൂതപ്പാലം വരെ 37 കിലോ മീറ്ററോളം നവീകരിച്ച റോഡ്, കാപ്പാട് - തുഷാരഗിരി - അടിവാരം റോഡിന്റെ മൂന്നര കിലോമീറ്റർ, കണ്ണൂർ ചെറുപുഴ തേജസ്വിനി പുഴക്ക് കുറുകെ നിർമ്മിച്ച കോഴിച്ചാൽ - മീന്തുള്ളി പാലം എന്നിവയും മുഖ്യമന്ത്രി ഓൺലൈനായി ഉദ്ഘാടനം ചെയ്യും.

✪✪✪

സംസ്ഥാന കൃഷി വകുപ്പിന്റെ ഏഴാമത് 'വൈഗ' കാർഷിക പ്രദർശന - വിപണന മേള വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. ആനയറ വേൾഡ് മാർക്കറ്റ് മൈതാനത്താണ് മേള ഒരുക്കിയിരിക്കുന്നത്. കാർഷിക മേഖലയിലെ നൂതന സാങ്കേതങ്ങളും മൂല്യവർദ്ധിത ഉത്പന്നങ്ങളും പരിചയപ്പെടുത്തുന്ന 250-ഓളം സ്റ്റാളുകൾ മേളയിൽ ഉണ്ടായിരിക്കും. അടുത്ത തിങ്കളാഴ്ച വരെ നീളുന്ന മേളയിൽ ബിസിനസ് മീറ്റും, കർഷക പാർലമെന്റും, അടക്കം പരിപാടികൾ ഉണ്ടാകും.

✪✪✪

സംസ്ഥാനത്ത് തീവ്രവോട്ടർ പട്ടിക പുതുക്കലുമായി ബന്ധപ്പെട്ട് 62 നിയമസഭ മണ്ഡലങ്ങളിൽ ഹിയറിങ്ങ് നോട്ടീസ് കൈപ്പറ്റിയ മുഴുവൻ പേരുടേയും ഹിയറിങ്ങ് പൂർത്തിയാക്കിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ U ഖേൽക്കർ അറിയിച്ചു. അന്തിമ വോട്ടർപട്ടിക ഈ മാസം 21 ന് പ്രസിദ്ധീകരിക്കും.

✪✪✪

LDF വികസന മുന്നേറ്റ ജാഥ മലപ്പുറത്ത് മുസ്ലിം ലീഗിനെ അസ്വസ്ഥമാക്കുന്നുണ്ടെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ പറഞ്ഞു. LDF വികസന മുന്നേറ്റ ജാഥയുടെ ഭാഗമായി മമ്പാട് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം

CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ നയിക്കുന്നഇന്ന് മലപ്പുറം ജില്ലയിൽ പര്യടനം തുടരും. മഞ്ചേരി, അങ്ങാടിപ്പുറം, പെരിന്തൽമണ്ണ, വളാഞ്ചേരി മണ്ഡലങ്ങളിലാണ് ഇന്നത്തെ സ്വീകരണം.

✪✪✪

ജനപക്ഷത്തെ ആത്യന്തികമായ ശരിയാണ് ഇടതുപക്ഷമെന്ന് CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറഞ്ഞു. LDF തെക്കൻ മേഖലാ വികസന മുന്നേറ്റ ജാഥയിൽ കൊല്ലത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കനുഗോലുമാർ ഇല്ലാതെ, ജനപിന്തുണയോടെ മൂന്നാം തവണയും LDF അധികാരത്തിൽ വരുമെന്നും ജാഥാ ക്യാപ്റ്റൻ കൂടിയായ അദ്ദേഹം പറഞ്ഞു. ജാഥ ഇന്ന് ചാത്തന്നൂർ, ചടയമംഗലം, വർക്കല, ചിറയിൻകീഴ് മണ്ഡലങ്ങളിൽ പര്യടനം നടത്തും.

✪✪✪

പ്രതിപക്ഷനേതാവ് VD സതീശൻ നയിക്കുന്ന പുതുയുഗ യാത്ര കോഴിക്കോട് ജില്ലയിൽ പര്യടനം തുടങ്ങി. വയനാട് ജില്ലയിലെ പര്യടനം പൂർത്തിയാക്കി രാവിലെ ജില്ലാ അതിർത്തിയായ തൊട്ടിൽപാലത്ത് എത്തിയ യാത്രയെ UDF ജില്ലാ നേതാക്കൾ സ്വീകരിച്ചു. തുടർന്ന് കുറ്റ്യാടി ടൗണിൽ നടന്ന സ്വീകരണ പരിപാടി KPCC മുൻ പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. UDF കൺവീനർ അടൂർ പ്രകാശ്, മോൻസ് ജോസഫ് MLA തുടങ്ങിയവർ സംസാരിച്ചു. ഇന്നത്തെ പര്യടനം വൈകീട്ട് ബാലുശ്ശേരിയിൽ സമാപിക്കും.

✪✪✪

പുനലൂർ മൂവാറ്റുപുഴ സംസ്ഥാന പാതയുടെ നിർമ്മാണത്തിൽ ക്രമക്കേട് കാട്ടിയ EKK ഇൻഫ്രാസ്ട്രച്ചർ ലിമിറ്റഡ് എന്ന കമ്പനിക്കെതിരെ, വിജിലൻസ് റിപ്പോർട്ട് നൽകി. കമ്പനിയെ കരിമ്പട്ടികയിലുൾപ്പെടുത്താനാണ് റിപ്പോർട്ടിലെ ശുപാർശ. സംസ്ഥാന ഗവർണ്ണർക്ക് നൽകിയ പരാതിയെ തുടർന്ന് വിജിലൻസ്, അന്വേഷണം ശക്തമാക്കുകയായിരുന്നു.

വിദഗ്ധ പരിശോധനയിൽ റോഡിന്റെ ടാറിംഗ് പാളികൾക്ക് 40 ടൺ ഭാരം താങ്ങാൻ കഴിയില്ലെന്ന് വ്യക്തമായി. നിർമ്മാണ മേൽനോട്ടക്കാരായ കൺസൾട്ടിംഗ് എഞ്ചിനീയറിങ് ഗ്രൂപ്പ് ലിമിറ്റഡും ഗുരുതരമായ കൃത്യവിലോപം നടത്തിയതായി വിജിലൻസ് കണ്ടെത്തി.

✪✪✪

ശബരിമലയിലെ സ്വർണം കട്ടവർ ശിക്ഷിക്കപ്പെടുമെന്ന് സ്പീക്കർ A.N.ഷംസീർ പറഞ്ഞു. കേരള പൊലീസ് അസോസിയേഷൻ കണ്ണൂർ സിറ്റി ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

എപ്പോഴും വിമർശനങ്ങൾക്ക് വിധേയമാവുന്ന സേനയാണ് പോലീസെന്നും, തെറ്റുകൾ ഉയർത്തിക്കാട്ടി സേനയുടെ ആത്മവിശ്വാസം തകർക്കാൻ ചില ഭാഗത്തു നിന്ന് ബോധപൂർവ്വം ശ്രമം നടക്കുകയാണെന്ന് സ്പീക്കർ അഭിപ്രായപ്പെട്ടു.

✪✪✪

ശബരിമല സ്വർണക്കൊള്ള കേസിൽ ദേവസ്വം മുൻ പ്രസിഡന്റും കമ്മീഷണറുമായ N വാസുവിന് കൊല്ലം വിജിലൻസ് കോടതി ഉപാധികളോടെ സ്വാഭാവിക ജാമ്യം അനുവദിച്ചു. കേസിലെ മൂന്നാം പ്രതിയാണ് N. വാസു. പങ്കജ് ഭണ്ഡാരി, ഗോവർദ്ധൻ, KS ബൈജു എന്നിവരുടെ റിമാൻഡ് കാലാവധി കോടതി 14 ദിവസത്തേക്കു കൂടി നീട്ടി.

✪✪✪

സംസ്ഥാനത്ത് അടുത്ത അധ്യായന വർഷത്തെ പാഠപുസ്തക വിതരണവും സൗജന്യ കൈത്തറി യൂണിഫോം വിതരണ പദ്ധതിയും മറ്റന്നാൾ തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 79 ലക്ഷം പാഠപുസ്തകങ്ങളുടെ അച്ചടി ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. മേയ് അവസാന വാരത്തോടെ മുഴുവൻ പുസ്തകങ്ങളും സ്കൂളുകളിൽ എത്തിക്കുമെന്ന് മന്ത്രി V.ശിവൻകുട്ടി പറഞ്ഞു.

✪✪✪

സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ടൂറിംഗ് ടാക്കീസിന്റെ പുതിയ വാഹനം മന്ത്രി സജി ചെറിയാൻ ഫ്ലാഗ് ഓഫ് ചെയ്തു. KSFE ചെയർമാൻ K വരദരാജൻ താക്കോൽ മന്ത്രിയ്ക്ക് കൈമാറി.

✪✪✪

ട്വന്റി-20 പുരുഷ ലോകകപ്പ് ക്രിക്കറ്റിൽ അഫ്ഗാനിസ്ഥാന് ദക്ഷിണാഫ്രിക്ക 188 റൺസ് വിജയലക്ഷ്യം കുറിച്ചു. ആദ്യം ബാറ്റ് ചെയ്ത ദക്ഷിണാഫ്രിക്ക ആറ് വിക്കറ്റ് നഷ്ടത്തിൽ 187 റൺസെടുത്തു.

ഉച്ചകഴിഞ്ഞ് മൂന്നിന് കൊളംബോയിലെ R.പ്രേമദാസ സ്റ്റേഡിയത്തിൽ ഓസ്ട്രേലിയ അയർലൻഡിനെയും, വൈകിട്ട് ഏഴിന് മുംബൈയിലെ വാങ്കഡെ സ്റ്റേഡിയത്തിൽ ഇംഗ്ലണ്ട് വെസ്റ്റ് ഇൻഡീസിനെയും നേരിടും.

✪✪✪

ചൂട് കൂടുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശം നൽകി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി. പകൽ 11 മുതൽ മൂന്ന് വരെ സമയത്ത് ശരീരത്തിൽ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണമെന്ന് നിർദ്ദേശത്തിൽ പറയുന്നു. ദാഹമില്ലെങ്കിലും പരമാവധി ശുദ്ധജലം കുടിക്കുന്നത് തുടരണമെന്നും നിർദ്ദേശമുണ്ട്.

✪✪✪

കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് സമീപം തേഞ്ഞിപ്പലം വിളക്കാഞ്ചേരിയിൽ വീട്ടിൽ സൂക്ഷിച്ച ഒരു കോടിയോളം രൂപ വിലവരുന്ന MDMA പിടികൂടി. ചേലമ്പ്ര സ്വദേശി അസീസിന്റെ വീട്ടിൽ നിന്നാണ് ഒരു കിലോയിലധികം MDMA പിടികൂടിയത്.

ഡാൻസാഫ് സംഘവും തേഞ്ഞിപ്പാലം പൊലീസും ചേർന്ന് നടത്തിയ പരിശോധനയിലാണ് ലഹരി മരുന്ന് കണ്ടെത്തിയത്. 21 ലക്ഷത്തോളം രൂപയും 5 ഇലക്ട്രിക് ത്രാസ്സുകളും, വാക്കി ടോക്കി, ഗ്യാസ് ബർണർ എന്നിവയും വീട്ടിൽ നിന്ന് പിടികൂടിയിട്ടുണ്ട്. സംഭവത്തിൽ മൂന്ന് പേരെ പൊലീസ് അറസ്റ്റു ചെയ്തു.

✪✪✪

ചിന്മയ മിഷന്റെ 75-ാം വാർഷികാഘോഷം ഈ മാസം 17-ന് കണ്ണൂരിൽ ആരംഭിക്കും. ഭഗവദ് ഗീതയിലെ തിരഞ്ഞെടുത്ത അഞ്ച് ശ്ലോകങ്ങളെ ആസ്പദമാക്കി ഗീതം പഞ്ചാമൃതം പരിപാടിയിൽ 18,19 തീയതികളിൽ

**ചിന്മയ മിഷൻ ആഗോള അധ്യക്ഷൻ സ്വാമി സ്വരൂപാനന്ദ പ്രഭാഷണം നടത്തും.**

**കണ്ണൂർ നായനാർ അക്കാദമിയിൽ ആണ് പരിപാടി. 20 മുതൽ 22 വരെ തിരുവനന്തപുരത്ത് ഗീതം പഞ്ചാമൃതം എന്ന പരിപാടിയിൽ സ്വാമി സ്വരൂപാനന്ദ പങ്കെടുക്കുമെന്നും സംഘടകർ കണ്ണൂരിൽ പറഞ്ഞു.**

✪✪✪

**കണ്ണൂർ തോട്ടടയ്ക്ക് സമീപം കുറ്റിക്കകത്ത് ഉറുമ്പച്ചൻ കോട്ടത്തിന് സമീപം പാറക്കെട്ടിൽ, ചാക്ക് ഗോഡൗണിന് രാവിലെ തീപിടിച്ചു. പൂർണമായും കത്തി നശിച്ച ഗോഡൗണിന് തൊട്ടടുത്ത സോഫ നിർമ്മാണ കമ്പനിക്കും ഭാഗികമായ നാശനഷ്ടം ഉണ്ടായി.**

✪✪✪

**കേരള സർവകലാശാലാ യൂണിയനെ, വൈസ് ചാൻസലർ ഡോ.മോഹനൻ കുന്നുമ്മൽ അസാധുവാക്കി. പുതിയ യൂണിയൻ തിരഞ്ഞെടുപ്പിനായി ജനറൽ കൗൺസിൽ രൂപീകരിക്കുമെന്ന് VC അറിയിച്ചു. യൂണിയന്റെ കാലാവധി ഇതിനകം അവസാനിച്ചതിനാൽ സ്വാഭാവിക നടപടി മാത്രമാണിതെന്നാണ് സർവ്വകലാശാലയുടെ വിശദീകരണം.**

✪✪✪

**തിരുവല്ല സ്പാ കൂട്ടബലാത്സംഗ കേസിൽ ഒരു പ്രതി കൂടി പിടിയിലായി. തിരുവല്ല ചുമത്ര സ്വദേശി പ്രശോഭ് ആണ് അറസ്റ്റിലായത്. ഇതോടെ കേസിൽ നാലുപേരെ പിടികൂടി. കുറ്റകൃത്യത്തിൽ നേരിട്ട് പങ്കെടുത്ത രണ്ട് പ്രതികളെക്കൂടി ഇനി പിടികൂടാനുണ്ട്.**

✪✪✪

**കണ്ണൂർ പാപ്പിനിശ്ശേരിയിൽ ഇന്നലെ രാത്രി ബൈക്ക് ഇടിച്ച് സൈക്കിൾ യാത്രക്കാരനായ 90 കാരൻ മരിച്ചു. പാപ്പിനിശ്ശേരി ചുങ്കം സ്വദേശി പവിത്രൻ ആണ് മരിച്ചത്.**

✪✪✪

**കേബിൾ TV ഓപ്പറേറ്റേർസ് അസോസിയേഷൻ കണ്ണൂർ ജില്ലാ സമ്മേളനം മറ്റന്നാൾ കൂത്തുപറമ്പിൽ ആരംഭിക്കും. വൈകിട്ട് പൊതുസമ്മേളനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും. വൈകിട്ട് തലശ്ശേരിയിൽ നിന്ന് വാഹന പ്രചാരണ ജാഥ ആരംഭിക്കും.**

✪✪✪

കോഴിക്കോട് ബീച്ച് ആശുപത്രിയോട് ചേർന്ന അമ്മത്തൊട്ടിലിൽ ഇന്നലെ രാത്രി മൂന്നാമത്തെ കുഞ്ഞിനെ ലഭിച്ചു. മൂന്ന് ദിവസം പ്രായമായ പെൺകുഞ്ഞിന് നിലാവ് എന്ന് നൽകിയതായി സംസ്ഥാന ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറി G.L അരുൺ ഗോപി അറിയിച്ചു.

✪✪✪

കുംഭമാസ പൂജകൾക്കായി ശബരിമല നട നാളെ തുറക്കും. പൂജകൾ പൂർത്തിയാക്കി ചൊവ്വാഴ്ച നട അടയ്ക്കും.

✪✪✪

---

*News Editor പി ചന്ദ്രബാബു*
*News Reader:,ശരണ്യ രാജൻ*
*NRTs: അനിൽ ചന്ദ്രൻ, വിജേത്*
*DEO : ഷീബ*